ചെറുകഥ

ഉല്ലല ബാബു

# നെപ്പോളിയന്റെ കടം

നെപ്പോളിയന്റെ കുട്ടിക്കാലം. ഫ്രാൻസിലെ ചെറിയ നഗരത്തിലുള്ള സ്കൂളിലായിരുന്നു നെപ്പോളിയൻ പഠിച്ചിരുന്നത്.

സ്കൂളിന്റെ നേരെ വാതുക്കൽ ഒരു മാടക്കട ഉണ്ടായിരുന്നു. പഴവർഗങ്ങളായിരുന്നു ആ കടയിൽ ഉണ്ടായിരുന്നത്. ആപ്പിളും, മുന്തിരിയും, ഓറഞ്ചും മറ്റും നെപ്പോളിയന് വല്യ ഇഷ്ടമായിരുന്നു. ഒരു സ്ത്രീയായിരുന്നു കടയുടെ ഉടമ. നെപ്പോളിയനും കടക്കാരിയുമായി പരിചയത്തിലായി. അവർ നെപ്പോളിയന് പഴങ്ങൾ കടമായി കൊടുത്തു. രൂപ കൈയിൽ കിട്ടുന്നതുപോലെ തിരികെ കൊടുത്താൽ മതി.

അങ്ങനെയിരിക്കെ നെപ്പോളിയന് ആ നഗരത്തിലെ സ്കൂൾ വിട്ട് മറ്റൊരു സ്കൂളിൽ ചേരേണ്ടി വന്നു. പഴം വാങ്ങിയ വകയിൽ നല്ലൊരു തുക കടക്കാരിക്കു കൊടുക്കാനുണ്ട്. കൈയിലാണെങ്കിൽ ഒരു ചില്ലിക്കാശുമില്ല.

നെപ്പോളിയൻ മടിച്ചുമടിച്ച് കടക്കാരിയുടെ മുമ്പിലെത്തി.

– ഞാനീ സ്കൂളിൽ നിന്നും മറ്റൊരു സ്കൂളിലേക്കു പോകുകയാണ്. നിങ്ങൾക്ക് തരാനുള്ള രൂപ എന്റെകൈവശം ഇല്ല. എന്നെങ്കിലും ഞാനത് എത്തിച്ചുതരാം.

കടക്കാരി തലയാട്ടി. നെപ്പോളിയൻ ദൂരെയുള്ള സ്കൂളിൽ ചേർന്നു പഠനം തുടർന്നു.

നെപ്പോളിയൻ പിന്നെ ആ വഴി പോയില്ല. വർഷങ്ങൾ കഴിഞ്ഞു. അദ്ദേഹം ഫ്രാൻസിലെ ചക്രവർത്തിയായി.

ഒരുനാൾ താൻ ചെറുപ്പകാലം കഴിച്ചുകൂട്ടിയ ആ നഗരത്തിൽ പരിവാരസമേതം നെപ്പോളിയൻ എത്തി.

നെപ്പോളിയന് ഒരു മോഹം. താൻ പഠിച്ച സ്കൂളിന്റെ പരിസരത്ത് ഒന്നു പോകണം. ആ പഴക്കച്ചവടക്കാരിയെ കാണണം.

മോഹം കലശലായി. അദ്ദേഹം ഒരു സാധാരണക്കാരന്റെ വേഷം അണിഞ്ഞു. ചക്രവർത്തിയാണെന്ന് ആരും അറിയുക പോലുമില്ല. തനിയെ നടന്ന് പഴയ സ്കൂളിനു മുമ്പിലെത്തി. ആ മാടക്കട ഇന്നും ഉണ്ട്. കാലം ഏറെ ചെന്നിട്ടും കടയ്ക്ക് വല്യമാറ്റമൊന്നും ഇല്ല. നെപ്പോളിയൻ കടയ്ക്കു മുന്നിലെത്തി. പഴയ പഴക്കച്ചവടക്കാരിയെ നോക്കി.

വളരെയധികം മാറ്റം കാലം അവരിൽ വരുത്തി. മുടികൾ നരച്ചു. മുഖത്ത് ചുളിവുകൾ വീണു. ആരോഗ്യം ക്ഷയിച്ചു തുടങ്ങിയിരിക്കുന്നു.

നെപ്പോളിയൻ അവരോടു ചോദിച്ചു.

“നെപ്പോളിയൻ ചക്രവർത്തി ഈ നഗരത്തിൽ എത്തിയിട്ടുണ്ടോ?”

“ഉണ്ടെന്ന് കേൾക്കുന്നു.” അലക്ഷ്യമായി അവർ മറുപടി പറഞ്ഞു.

അദ്ദേഹം പഠിച്ചിരുന്ന സ്കൂളായിരുന്നോ ഇത്? നെപ്പോളിയൻ അന്വേഷിച്ചു.

അതേ.

ചെറുപ്പത്തിൽ നെപ്പോളിയൻ എങ്ങനെയായിരുന്നു. കടയിലൊക്കെ വരുമായിരുന്നോ?

ഉം.

ഇവിടെ വല്ല കടവും ഉണ്ടായിരുന്നോ?

കുറെ രൂപ എനിക്കു തരാനുണ്ട്. സാരമില്ല ഞാനതൊക്കെ മറന്നു.



നെപ്പോളിയൻ ചിരിച്ചുകൊണ്ടു പറഞ്ഞു–

“ആ പഴയ നെപ്പോളിയനാണ് ഞാൻ”.

അത്ഭുതത്തോടെ അവർ നെപ്പോളിയനെ നോക്കി.

അവർക്ക് മനോഹരമായ ഒരു വീടു നിർമിച്ചു കൊടുക്കുവാനും മകന് സർക്കാരിൽ ജോലി നല്കുവാനും നെപ്പോളിയൻ ഉത്തരവിട്ടു.

5>>

# ഭീഷണി മാധ്യമങ്ങൾക്കും

ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ വ്യക്തമായ തെളിവുകൾ വേണമെന്ന് പിണറായി വിജയൻ പറയുന്നു. ആർക്കെതിരെയും എന്തും വിളിച്ചു പറയാൻ പാടില്ലെന്നും പറയുന്നു. അതേ പിണറായി തന്നെ കോൺഗ്രസ് നേതാക്കളെക്കുറിച്ച് നിരവധിയായ ആരോപണങ്ങൾ പ്രത്യേക തെളിവൊന്നും നിരത്താതെ ഉന്നയിക്കുകയും ചെയ്യുന്നു!

ഏതായാലും പിണറായിയുടെ വാക്കുകൾ അതേ സ്പിരിറ്റിൽ ഏറ്റെടുത്ത ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണൻ വൈകാതെ പറഞ്ഞതു വിഴുങ്ങി. മാധ്യമസ്വാതന്ത്ര്യത്തെ ഹനിക്കുന്നതൊന്നും സർക്കാർ ചെയ്യില്ലെന്ന് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനും പറഞ്ഞു. അതോടെ ആ വിവാദം തത്ക്കാലം ശമിച്ച മട്ടാണ്.

**കള്ളക്കളി പുറത്തുകൊണ്ടുവന്ന മാധ്യമപ്രവർത്തകരെ പോലീസ് ചോദ്യംചെയ്യണമെന്നു പറയുന്നതിനു പിന്നിലെ യുക്തി മനസ്സിലാകുന്നില്ല. എവിടെ നിന്ന് മാധ്യമപ്രവർത്തകർക്ക് ഈ വിവരം കിട്ടി എന്നറിയാനാണ് പിണറായി വിജയനു താത്പര്യം.**

എന്നാൽ പോൾ വധക്കേസിൽ ഭരണകക്ഷിക്ക് എന്താണ് അമിതമായ താത്പര്യമെന്ന വിഷയം നിലനില്ക്കുന്നു. ആരോപണങ്ങളും പ്രത്യാരോപണങ്ങളും ഉന്നയിച്ച് വിഷയം മാറ്റിക്കൊണ്ടു പോകുന്നതിൽ പിണറായി വിജയൻ ഒരു പരിധിവരെ വിജയിച്ചെന്നു പറയാതിരിക്കാനാകില്ല. ഇപ്പോൾ കോടാലി ശ്രീധരനും ഇ.പി. ജയരാജന്റെ കഴുത്തിൽ കൊണ്ട വെടിയുണ്ടയുമൊക്കെയാണ് പ്രധാന ചർച്ചാവിഷയം. ഗുണ്ടകളും ‘എസ്’ കത്തിയുമൊക്കെ പിന്നാമ്പുറത്തേക്കു മാറി. ഗുണ്ടാത്തലവന്മാരുടെ പൂർവകാല ചരിത്രമന്വേഷിച്ച് രാഷ്ട്രീയപാർട്ടികൾ പരസ്പരം ചെളിവാരിയെറിയുന്ന കാഴ്ചയാണ് ഒടുവിൽ കാണുന്നത്.

ഗുണ്ടകളുമായുള്ള ബന്ധം സിപിഎമ്മിന് കുരുക്കാകുമെന്ന കാര്യത്തിൽ സംശയിക്കാനില്ല. ഓരോ ദിവസവും പുറത്തു വന്നുകൊണ്ടിരിക്കുന്ന വിവരങ്ങളിലെല്ലാം സിപിഎമ്മും ഗുണ്ടകളുമായുള്ള അവിശുദ്ധ ബന്ധത്തിന്റെ കഥകളുണ്ട്.

ഇത്തരം കഥകൾ പുറത്തു വരുന്നതിൽ സിപിഎമ്മിന് പരിഭ്രമമുണ്ടാകാം. മാധ്യമപ്രവർത്തകരെ ഭീഷണിപ്പെടുത്തി നിർത്തി അന്വേഷണാത്മക റിപ്പോർട്ടിംഗ് തന്നെ ഇല്ലാതാക്കാമെന്നായിരിക്കാം വിചാരം. പോൾ വധക്കേസിൽ പിണറായി നടത്തിയ പത്രസമ്മേളനത്തിലെ ഭീഷണിയുടെ പിന്നിൽ മറ്റൊരു കാരണം കാണാനാകുന്നില്ല.

കമ്യൂണിസ്റ്റുകാരുടെ അടിസ്ഥാനപരമായ സ്വഭാവത്തിലേക്കു കൂടിയാണ് ഇതു വിരൽ ചൂണ്ടുന്നത്. ജനാധിപത്യത്തിലോ ജുഡീഷ്യറിയിലോ മാധ്യമസ്വാതന്ത്ര്യത്തിലോ അവർ വിശ്വസിക്കുന്നില്ല. തങ്ങൾക്കെതിരായ നിലപാടുകൾ വരുമ്പോൾ ജുഡീഷ്യറിയെ ചീത്ത വിളിക്കുന്ന സ്വഭാവം സിപിഎം പലപ്പോഴും കാണിച്ചിട്ടുണ്ട്. മാധ്യമങ്ങളോടുള്ള സമീപനവും ഇതുതന്നെ.

ഇനിയും പ്രതിപക്ഷത്തേക്കു വരുമ്പോൾ ഇപ്പോൾ പറയുന്നതെല്ലാം വിഴുങ്ങി മാധ്യമസ്വാതന്ത്ര്യത്തിന്റെ വക്താക്കളാകാൻ ഇതേ നേതാക്കൾ വരുന്നതും കേരളം കാണും. മാധ്യമറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അഴിമതി ആരോപണം ഉന്നയിക്കാനും അന്വേഷണം ആവശ്യപ്പെടാനും ഇവർ മടിക്കില്ല.



*കെ.എസ്.സി (എം) എറണാകുളം ജില്ലാ തല പതാക ഉയർത്തൽ പിറവം ബി.പി.സി കോളജിൽ സംസ്ഥാന പ്രസിഡണ്ട് റോണി മാത്യു നിർവഹിക്കുന്നു. യൂണിറ്റ് പ്രസിഡണ്ട് ലൂയീസ് കാവാട്ട്, ജിൽസ് പെരിയപുറം, സാബു ആലയ്ക്കൽ, രജനീഷ്, ലിബിൻ മൈലാടിയിൽ, സാജു ചേന്നാട്ട്, സുരേഷ് ചന്ദേലിൽ, സാജു കോറപ്പുള്ളിൽ, സാബു ചക്കാലയ്ക്കൽ എന്നിവർ സമീപം.*

CYAN MAGENTA YELLOW BLACK

കണ്ണിനും കണ്ണാടിക്കും

# കുരുതിച്ചോര നുണയുന്ന ടിപ്പർലോറികൾ

എസ്.കൃഷ്ണദാസ്

ശാസ്ത്രപാഠങ്ങളുടെ മൊഴിയഴകും താത്ത്വിക സംഗ്രഹണവും ചേർന്ന് പ്രകൃതി – പാരിസ്ഥിതിക പ്രഭാവലയം ഉജ്ജ്വലമാക്കുമ്പോഴും ചൂഷണത്തിന്റെ ഗൃഹപാഠം മുടങ്ങാതെ ആവർത്തിക്കുന്നുണ്ട് പ്രേഷിതനും പ്രയോക്താക്കളും. അധോലോകത്തിനുവേണ്ടി ഉണർന്നിരിക്കുന്ന അർദ്ധരാത്രികളെ ആഘോഷിച്ച് ഉന്മാദികളാവുന്നവർ പകൽവെളിച്ചത്തിൽ പരിഭ്രാന്തരായി പിടിച്ചു (ഇടിച്ചു) വാങ്ങുകയാണ് യാത്രക്കാരന്റെ പ്രാണൻ; നടുറോഡിൽ. ഇതിനെ വാഹനാപകടമെന്നും റോഡപകടമെന്നും അല്ലെങ്കിൽ അമിതവേഗത്തോടുള്ള ആർത്തിയെന്നും പറഞ്ഞൊഴിയാം.

**ലക്കുകെട്ട് വളയംപിടിക്കുന്ന ക്രിമിനൽ സ്വഭാവമുള്ള ഡ്രൈവർക്ക് മനുഷ്യജീവനെ തള്ളിമറിച്ചിട്ടാണെങ്കിലും ലോഡിന്റെ എണ്ണം കൂട്ടണമെന്നേയുള്ളൂ. ഇവിടെ ഓടിക്കുന്നവന്റെ അതിസാഹസികതയ്ക്കാണല്ലോ ഉത്പാദകർ തീറുവിലയിടുന്നതും. ഇത്തരത്തിലൊരു പോരാട്ടത്തിനും പോർവിളിക്കും വേണ്ടിയാണോ പുലർകാലത്ത് വീടുവിട്ടിറങ്ങി ആരാധനാലയങ്ങളിൽ കാണിക്കയിട്ട് ചന്ദനത്തിരി പുകച്ച് പ്രാർത്ഥിച്ച് വളയത്തിൽ കൈവയ്ക്കുന്നത് ?**



പിടഞ്ഞു വീഴുന്നവരെയും പ്രാണവേദനയോടെ ഒരിറ്റു വെള്ളത്തിന് കേഴുന്നവരെയും തിരിഞ്ഞുനോക്കാൻ പോലും നില്ക്കാതെ ഇറങ്ങിയോടാൻ മാത്രം അതിസാമർത്ഥ്യം കാണിക്കുന്ന ഡ്രൈവർക്കും ക്ലീനർക്കും നിയമത്തിൽ നിന്ന് തലയൂരാനും, പൊതുജനസമക്ഷം തലയുയർത്താനും രണ്ടുനാൾ മതി. നരഹത്യയുടെ നാട്ടാചാരത്തിനുമുണ്ടല്ലോ തരാതരം വ്യാഖ്യാനങ്ങളും ടിപ്പണിയും!

മരംമുറിച്ചും മണലൂറ്റിയും അനധികൃതമായി പാറപൊട്ടിച്ചും ഇന്നാട്ടിലെ നിർമാണപ്രവർത്തനങ്ങളെ ഉദാരവത്ക്കരിക്കാൻ ഇറങ്ങിത്തിരിച്ചവർ, വളയം കൊണ്ടു വിനോദം നടത്തുന്നതിൽ പോലീസിനും മോട്ടോർ വകുപ്പിനും ഭരണക്കാർക്കും തെല്ലും ആശങ്കയില്ല. ടിപ്പർലോറിയുടെ പരാക്രമങ്ങൾ അനുദിനം പത്രവാർത്തകളാകുമ്പോഴും ഭരണാധികാരികൾ അത്യാഹിതങ്ങളെ നിസ്സാരവത്ക്കരിക്കുന്നു. മൂന്നു പിഞ്ചു കുഞ്ഞുങ്ങളെ പന്തളത്തെ ഇടപ്പോണിൽ ഇടിച്ചുവീഴ്ത്തിയ ഡ്രൈവറും ക്ലീനറും കുതിച്ചോടി ആറ്റിൽ ചാടിയാണ് തടിരക്ഷിച്ചത്.

ഇടിയുടെ കനത്ത ആഘാതത്തിൽ നാടാകെ ഉറക്കമിളച്ചു. കണ്ണീരുവാർത്ത് മക്കളെ തെരയുമ്പോൾ, എവിടെയോ സുഖസുക്ഷുപ്തിയിലായിരുന്നു അത്യാഹിതം വർഷിച്ച ഉഗ്രമൂർത്തികളായ സാരഥികൾ. മുൻഗണന വാഹനത്തിനു മാത്രമായി നീക്കിവെച്ച പൊതുനിരത്തുകളിലൊന്നും യാത്രക്കാർ സുരക്ഷിതരല്ല. നഗരകേന്ദ്രീകൃതമായി നിർമിച്ച ഫുട്പാത്തുകൾ വഴിവാണിഭക്കാർ കൈയേറുമ്പോൾ നിരത്തിലെ നിത്യാഭ്യാസക്കാരാവുകയാണ് യാത്രക്കാർ. ടിപ്പറുകളുടെ മരണപ്പാച്ചിലും സാഹസിക മദ്യാസക്ത യുവത്വത്തിന്റെ ഇരുചക്രവാഹന വിളയാട്ടവും മനുഷ്യജീവനെ തട്ടിത്തെറിപ്പിക്കുകയാണ്, ഫുട്ബോളുപോലെ!

സ്കൂൾ സമയങ്ങളിലെ വാഹനയോട്ടനിയന്ത്രണത്തിനും വിദ്യാലയങ്ങളുടെ ചുറ്റുവട്ടത്തിൽ ഡ്രൈവർമാർ പാലിക്കേണ്ട നിയമങ്ങൾക്കും വിലയില്ലാതായതല്ലേ കഴിഞ്ഞ ഡിസംബറിൽ കണ്ണൂർ ജില്ലയിലെ ഇരിട്ടിയിലും ഇപ്പോൾ ഇടപ്പോണിലും അപകടം വിതച്ചത് ?

സ്കൂൾ വിട്ടുവരുന്ന പിഞ്ചോമനകളെക്കാത്ത് വഴിക്കണ്ണുമായിരിക്കുന്ന മാതാപിതാക്കളുടെ നെഞ്ചിൽ തീകോരിയിടുന്നതാണ് എല്ലാ തരത്തിലുള്ള വാർത്തകളും. പീഡനത്തിന്റെ ഈർച്ചവാളൊരുക്കുന്ന ഇരുൾ മുഖങ്ങളിലേക്ക് വലിച്ചിഴയ്ക്കുന്ന പൈശാചിക വിനകളിലൊന്നായി വേഗപ്പൂട്ടില്ലാത്ത വാഹനങ്ങളും കടന്നുവന്നിരിക്കുന്നു. ലക്കുകെട്ട് വളയംപിടിക്കുന്ന ക്രിമിനൽ സ്വഭാവമുള്ള ഡ്രൈവർക്ക് മനുഷ്യജീവനെ തള്ളിമറിച്ചിട്ടാണെങ്കിലും ലോഡിന്റെ എണ്ണം കൂട്ടണമെന്നേയുള്ളൂ. ഇവിടെ ഓടിക്കുന്നവന്റെ അതിസാഹസികതയ്ക്കാണല്ലോ ഉത്പാദകർ തീറുവിലയിടുന്നതും. ഇത്തരത്തിലൊരു പോരാട്ടത്തിനും പോർവിളിക്കും വേണ്ടിയാണോ പുലർകാലത്ത് വീടുവിട്ടിറങ്ങി ആരാധനാലയങ്ങളിൽ കാണിക്കയിട്ട് ചന്ദനത്തിരി പുകച്ച് പ്രാർത്ഥിച്ച് വളയത്തിൽ കൈവയ്ക്കുന്നത്?

വിവാഹ പന്തലിലേക്ക് പാഞ്ഞുകയറിയ ടിപ്പർലോറി സദ്യയുണ്ടിരുന്നവരെ പരിക്കേല്പിച്ച് വധൂവരന്മാരെയും ബന്ധുക്കളെയും മോഹാലസ്യത്തിലാക്കി. കരുനാഗപ്പള്ളിയിലും മുഹമ്മയിലും ഭർത്താവിനൊപ്പം യാത്രചെയ്തിരുന്ന വീട്ടമ്മമാരെ ഇടിച്ചുവീഴ്ത്തി പിൻചക്രം തലയിലൂടെ കയറ്റിവിട്ടു. വിവാഹ സംഘം സഞ്ചരിച്ച കാർ ചരക്കുലോറിയിലിടിച്ച് നാലു യുവാക്കളാണ് പിടഞ്ഞുവീണത്, കോഴിക്കോട്ടു രാമനാട്ടുകരയിൽ.

>> 16

## അറിയേണ്ടും കാര്യങ്ങൾ

### ശിശുമരണനിരക്ക് കുറയുന്നു; ഇഴഞ്ഞു മാത്രം



ശിശുമരണനിരക്ക് കുറയ്ക്കുന്നതിനുള്ള നടപടികൾ പൂർണഫലപ്രാപ്തിയിൽ എത്തുന്നില്ല – ഐക്യരാഷ്ട്രസഭയുടെ കീഴിൽ കുട്ടികളുടെ ക്ഷേമത്തിനും അവരുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുമായി പ്രവർത്തിക്കുന്ന ഏജൻസി യൂണിസെഫിന്റേതാണ് ഈ വാക്കുകൾ.

കഴിഞ്ഞ വർഷം യൂണിസെഫിന്റെ കണക്കുപ്രകാരം അഞ്ചുവയസ്സിനു താഴെ പ്രായമുള്ള 80 ലക്ഷത്തോളം കുട്ടികളാണ് മരിച്ചത്. ന്യൂമോണിയ, അതിസാരം എന്നിവയാണ് ബഹുഭൂരിപക്ഷത്തിന്റെയും ജീവൻ അപഹരിച്ചത്. കൂടാതെ ഇതിൽ നാല്പതുശതമാനത്തോളം (32 ലക്ഷം) മരണവും നൈജീരിയ, ഇന്ത്യ, കോംഗോ എന്നീ രാജ്യങ്ങളിലാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. സൗത്ത് ആഫ്രിക്കയിലാകട്ടെ ശിശുമരണ നിരക്ക് ഓരോ വർഷവും ഉയർന്നുകൊണ്ടിരിക്കുന്നു.

1990ൽ യൂണിസെഫ് 25 വർഷത്തിനുള്ളിൽ (1990–2015) ശിശുമരണനിരക്ക് മൂന്നിൽ രണ്ടു കണ്ട് കുറയ്ക്കുവാൻ കർമപദ്ധതികൾ ആവിഷ്കരിച്ച് ആഹ്വാനം നല്കിയിരുന്നു. 20 വർഷം പിന്നിടുന്ന ഈ അവസരത്തിലും ആ ലക്ഷ്യം പൂർത്തിയാക്കുവാൻ കഴിയുമെന്ന സൂചനകൾ ഇല്ല. 1990ൽ അഞ്ചുവയസ്സിൽ താഴെ പ്രായമുള്ള ഒന്നരക്കോടി കുട്ടികളാണ് മരിച്ചത്. ആ അവസ്ഥയിൽനിന്നും പുരോഗതി നേടുവാനായെങ്കിലും നേട്ടം തുലോം കുറവാണെന്ന് യൂണിസെഫ് എക്സിക്യൂട്ടീവ് ഡയറക്ടർ ആൻ വെനേമാൻ പറയുന്നു.

മാതാപിതാക്കളുടെ കരുതൽ ആണ് ശിശുമരണനിരക്ക് കുറയ്ക്കുന്നതിനുവേണ്ടിയുള്ള ഉദ്യമത്തിൽ ഏറെ നിർണായകമെന്ന് യൂണിസെഫ് ചൂണ്ടിക്കാട്ടുന്നു. മലേറിയ ഉൾപ്പെടെയുള്ള കൊതുകുജന്യ രോഗങ്ങളെ പ്രതിരോധിക്കുവാൻ കൊതുകുവല ഉപയോഗിക്കുക, ശുദ്ധജലം മാത്രം നല്കുക, പരിസരം വൃത്തിയായി സൂക്ഷിക്കുക, കൃത്യസമയങ്ങളിൽ പ്രതിരോധ കുത്തിവയ്പുകൾ നല്കുക എന്നീ നിർദേശങ്ങളും യൂണിസെഫ് മുന്നോട്ടുവയ്ക്കുന്നു.

⊙⊙⊙⊙⊙

### ചൈനയുടെ തലസ്ഥാനത്ത് ജനനവൈകല്യം വർധിക്കുന്നു



ജനസംഖ്യയിൽ ഒന്നാംസ്ഥാനത്തുള്ള ചൈനയിൽ ജനന വൈകല്യം പൊതുവിൽ വർധിക്കുന്നതായി റിപ്പോർട്ട്. തലസ്ഥാനമായ ബെയ്ജിംഗിലാണ് ജനന വൈകല്യ നിരക്ക് ഏറ്റവും കൂടുതൽ. കഴിഞ്ഞ വർഷം ജനിച്ച 10,000 കുട്ടികളിൽ ഗൗരവമേറിയ ജനനവൈകല്യം ഉണ്ടായിരുന്നത് 170 കുട്ടികൾക്കായിരുന്നു. ഇത് ആഗോളശരാശരിയെക്കാൾ വളരെ കൂടുതലാണ്. കഴിഞ്ഞ പത്തുവർഷംകൊണ്ട് ജനനവൈകല്യ നിരക്ക് ബെയ്ജിംഗിൽ രണ്ടിരട്ടിയായി വർധിച്ചിരിക്കുന്നു.

കൂടിയും കുറഞ്ഞും വിരലുകൾ മുതൽ സങ്കീർണമായ ഹൃദയപ്രശ്നങ്ങൾ വരെ കുട്ടികളിൽ വൈകല്യങ്ങളായി കണ്ടുവരുന്നു. വൻ വ്യവസായവത്ക്കരണവും വാഹനവർധനവും മൂലം ഉണ്ടാകുന്ന അന്തരീക്ഷ മലിനീകരണമാണ് ജനനവൈകല്യങ്ങൾ കൂടിവരുന്നതിന് കാരണമെന്നാണ് ആരോഗ്യമേഖലയിലെ വിദഗ്ധർ നല്കുന്ന വിശദീകരണം. കൽക്കരി ഖനി, രാസവ്യവസായ ശാലകൾ എന്നിവ ഏറെയുള്ള മേഖലകളിൽ നിരക്ക് കൂടുതലായി കണ്ടുവരുന്നു. നഗര, ഗ്രാമീണ വ്യത്യാസമില്ലാതെ ജനന വൈകല്യം കണ്ടുവരുന്നു എന്നതും ആശങ്ക ജനിപ്പിക്കുന്നു.

എന്നാൽ ചൈനീസ് ഭരണനേതൃത്വത്തിന്റെ ഔദ്യോഗിക ഭാഷ്യം ജനനവൈകല്യത്തിന്റെ കാരണങ്ങൾ വ്യക്തമല്ല എന്നാണ്!

ജർമൻഡയറി

ജോർജ് കുറ്റിക്കാട്ട്

# അറിവിന്റെ മുത്തശ്ശി ഹൈഡൽബർഗ് സർവകലാശാല

അറിവിന്റെയും സംസ്കാരത്തിന്റെയും കുലീനതയുടെയും ജ്ഞാനതൃഷ്ണയുടെയും ജീവചൈതന്യം നിറഞ്ഞ പ്രതിരൂപമാണ് ജർമനിയിലെ ഹൈഡൽബർഗിലുള്ള റൂപ്രെഹ്ട്-കാൾസ് സർവകലാശാല. ശ്രേഷ്ഠ പണ്ഡിതന്മാരുടെയും ലോകം ആദരിക്കുന്ന മഹാവ്യക്തികളുടെയും പാദസ്പർശമേറ്റ പുണ്യസ്ഥലം.

ആധുനിക ജർമനിയുടെ തെക്കുപടിഞ്ഞാറൻ സംസ്ഥാനമായ ബാഡൻവ്യൂർട്ടംബർഗിലെ ഹൈഡൽബർഗ് മഹാനഗരത്തിന്റെ പ്രശസ്തി റൂപ്രെഹ്ട് - കാൾസ് സർവകലാശാലയുടെ ആസ്ഥാനമാണെന്നതാണ്. പ്രാചീനകാലം മുതൽ ഹൈഡൽബർഗിന് ചരിത്രപരമായി ഒട്ടേറെ പ്രശസ്തി നിലനില്ക്കുന്നുണ്ടെങ്കിലും അവയെല്ലാം രണ്ടാം സ്ഥാനത്ത് നില്ക്കുന്നു.

ലോകത്തിൽ ഏറെ ബഹുമതിയും ആരാധനയും ആദരവും പ്രശസ്തിയും അർഹിക്കുന്ന അപൂർവം വിദ്യാഭ്യാസ-സാംസ്കാരിക കേന്ദ്രങ്ങളിൽ മുൻപന്തിയിലാണ് റൂപ്രെഹ്ട് - കാൾസ് സർവകലാശാല. 2008ൽ ജർമൻ ഗവൺമെണ്ട് സർവകലാശാലയ്ക്ക് “എക്സലൻഡ് സർവകലാശാലാ” പദവി നല്കി.

ഹൈഡൽബർഗിന് പുരാതനത്വം നല്കുന്ന കെൽടിക്- റോമൻ സംസ്കാരത്തിലേക്കും അതിനുമുമ്പുള്ള പുരാതനയുഗത്തിലേക്കും ചരിത്രതെളിവുകൾ നമ്മെ എത്തിക്കുന്നുണ്ട്. രണ്ടു ലക്ഷം മുതൽ ആറുലക്ഷം വരെ വർഷങ്ങൾക്കു മുമ്പുള്ള മനുഷ്യ ചരിത്രത്തിന്റെ ഏടുകൾ തുറന്നിരിക്കുന്ന ചരിത്രപശ്ചാത്തലം നഗരത്തിനുണ്ട്. ഹൈഡൽബർഗ് നഗരത്തിൽ നിന്നും (സർവകലാശാലയുടെ ആസ്ഥാനത്തുനിന്നും) പത്തുകിലോമീറ്റർ അകലെ തെക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന ചെറിയ ഗ്രാമമാണ് “മവർ.” ഹൈഡൽബർഗിന്റെ ആദ്യകാല കോളനിയുടെ ഒരു ഭാഗം. 1907ൽ ഇവിടെ നിന്നും ആറുലക്ഷം വർഷങ്ങൾ പഴക്കമേറിയ ഹോമോ ഹോഡൽബർഗൻസി (ഹൈഡൽബർഗ് മനുഷ്യൻ) ന്റെ കീഴ്ത്താടിയെല്ലിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തി. ഇത് ആർക്കിയോളജിക്കൽ ചരിത്രത്തിലെ ഒരു മഹാസംഭവമാണ്. ഹൈഡൽബർഗിലെ മവറിൽ താമസ്സക്കാരായിരുന്ന ഹൈഡൽബർഗർ മനുഷ്യർ ജർമനിയിലെ ഡ്യൂസൽഡോർഫ് പ്രദേശമായിരുന്ന നിയാണ്ടർതാൽ മനുഷ്യന് മുമ്പുണ്ടായിരുന്നവരായിരുന്നുവെന്നായിരുന്നു ആദ്യ നിഗമനം. എന്നാൽ പുതിയ ഡിഎൻഎ പരിശോധനാഫലം അറിയിക്കുന്നത് നിയാൻഡർതാൽ മനുഷ്യർ ഇവരുടെ യഥാർത്ഥ പിൻതലമുറക്കാരല്ല, ആഫ്രിക്കൻ വംശത്തിലുള്ളവരാണെന്നാണ്.

റോമൻ ചക്രവർത്തി തിബേരിയസിന്റെ കാലത്ത് ഹൈഡൽബർഗിലെ നെക്കാർ നദിയുടെ തീരങ്ങളിൽ “സുയേബൻ” എന്ന വംശജർ വ്യാപകമായി കോളനികൾ സ്ഥാപിച്ചിരുന്നു. പിന്നീട് ഇങ്ങോട്ടുള്ള കാലഘട്ടങ്ങളിൽ റോമൻ സാമ്രാജ്യത്തിന്റെ വ്യാപകമായ ആധിപത്യം ഉറച്ചതോടെ വിവിധ വംശജർ ജീവിച്ചിരുന്ന ഹൈഡൽബർഗിലും റോമൻ ആധിപത്യം ശക്തമായി. ഇതോടെ റോമൻ ടെറിട്ടറിയുടെ ഒരു മിലിട്ടറി സങ്കേതവും നിലവിൽ വന്നു.

മധ്യകാലഘട്ടമായതോടെ ഹൈഡൽബർഗിന്റെ ചരിത്രം പുതിയ വഴിത്തിരിവിലായി. 1196ലാണ് ഹൈഡൽബർഗ് നഗരം ഔദ്യോഗികമായി രജിസ്റ്റർ ചെയ്തതെന്ന് ജർമനിയിലെ വോംസ് രൂപതയുടെ കീഴിലുണ്ടായിരുന്ന ഷേണാവ് ആശ്രമ രജിസ്ട്രേഷൻ രേഖകൾ വ്യക്തമാക്കുന്നു. എന്നാൽ ഹൈഡൽബർഗ് എന്ന പേര് എങ്ങനെയുണ്ടായി എന്നതിനെപ്പറ്റി ചരിത്രകാരന്മാർക്ക് വിഭിന്ന അഭിപ്രായങ്ങളാണുള്ളത്.



**അക്കാദമിക് അച്ചടക്കം മുൻനിർത്തി സേവനം ചെയ്തിട്ടുള്ള മഹാവ്യക്തികൾ, ലോക അംഗീകാരം ലഭിച്ചിട്ടുള്ള തത്വശാസ്ത്രജ്ഞർ, കവികൾ, നിയമജ്ഞർ, ദൈവശാസ്ത്ര പണ്ഡിതന്മാർ, ശാസ്ത്രജ്ഞർ, മുപ്പതിലേറെ നോബൽ പ്രൈസ് ജേതാക്കൾ, ഓസ്കാർ പ്രൈസ് ജേതാക്കൾ, ലൈബ്നിസ് ലൗറേറ്റുകൾ, ജർമനിയുടെ അഞ്ച് ചാൻസലർമാർ, ബെൽജിയം, ഗ്രീസ്, തായ്ലാൻഡ് തുടങ്ങി വിവിധ രാഷ്ട്രത്തലവന്മാർ ഇങ്ങനെ എണ്ണമറ്റ തിളക്കമേറിയ പ്രതിഭകളുടെ പഠനക്കളരിയായിരുന്നു ഹൈഡൽബർഗ് റൂപ്രെഹ്ട് - കാൾസ് സർവകലാശാല.**

## സർവകലാശാലയുടെ തുടക്കം

ആധുനിക ജർമൻ സംസ്ഥാനങ്ങളായ ബാഡൻവ്യൂർട്ടംബർഗിലെയും, റൈൻലാൻഡ് ഫാൾസിലെയും കുറേ പ്രദേശങ്ങൾ ഭരിച്ചിരുന്നത് “കുർഫാൾസ്” നാട്ടുരാജാക്കന്മാരായിരുന്നു. ഹൈഡൽബർഗിന്റെ ഭരണാധികാരികളും “ കുർഫ്യൂർസ്റ്റുകളായിരുന്നു. 1385 കാലഘട്ടത്തിലെ കുർഫാൾസിന്റെ രാജാവ് റൂപ്രെഹ്ട് ഒന്നാമൻ അക്കാലത്തെ റോമൻ - ജർമൻ രാജാവായും തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

1385 ഒക്ടോബർ ഇരുപത്തിമൂന്നാം തീയതി ഹൈഡൽബർഗിൽ ഒരു സർവകലാശാല തുടങ്ങുവാനുള്ള അനുവാദം റോമിലെ അർബൻ ആറാമൻ മാർപാപ്പയിൽ നിന്നും കുർഫ്യൂർസ്റ്റ് രാജാവ് റൂപ്രെഹ്ട് ഒന്നാമൻ നേടിയെടുത്തു. റോമൻ ടെറിട്ടറിയിലെ അനുവാദം നല്കേണ്ടയാൾ മാർപാപ്പയായിരുന്നു. ഇതിനാൽ സർവകലാശാലയുടെ പരമാധികാരിയും മാർപാപ്പയായിരുന്നു (ചാൻസലർ പദവി). 1386ൽ നെക്കാർ നദിയുടെ തീരത്ത് ഹൈഡൽബർഗിൽ തിയോളജി, നിയമം, മെഡിസിൻ, തത്വശാസ്ത്രം ഇവയടങ്ങിയ നാല് ഫാക്കൽറ്റിയുള്ള സർവകലാശാല പ്രവർത്തനം തുടങ്ങി. ഇതോടെ ഹൈഡൽബർഗ് നഗരവും റൂപ്രെഹ്ട് സർവകലാശാലയും വേൾഡ് ഹ്യൂമാനിസത്തിന്റെ നടുമുറ്റമായി മാറി.

പ്രാഗിലെയും വിയന്നയിലെയും സർവകലാശാലകൾ കഴിഞ്ഞാൽ യൂറോപ്പിലെ ഏറ്റവും പഴക്കമേറിയ സർവകലാശാലയാണ് റൂപ്രെഹ്ട്-കാൾസ് സർവകലാശാല. അതേസമയം ജർമനിയിലെ ഏറ്റവും പ്രായമേറിയ സർവകലാശാലയെന്ന പദവിയും ഇതിനുണ്ട്. 1386 ഒക്ടോബർ പതിനെട്ടിന് സർവകലാശാലയുടെ ഔദ്യോഗിക ഉദ്ഘാടനം നടന്നത് റൂപ്രെഹ്ട് ഒന്നാമൻ രാജാവ് പണികഴിപ്പിച്ച പരിശുദ്ധാത്മാവിന്റെ നാമത്തിലുള്ള ദേവാലയത്തിലായിരുന്നു. ഉദ്ഘാടന വേളയിൽ പ്രഖ്യാപിക്കപ്പെട്ടത് തിയോളജി, നിയമം, തത്വശാസ്ത്രം എന്നീ മൂന്ന് ഫാക്കൽറ്റികളായിരുന്നു. 1388ലാണ് മെഡിക്കൽ ഫാക്കൽറ്റി തുടങ്ങിയത്.

1378 മുതൽ 1389 വരെ റോമൻസഭയുടെ മാർപാപ്പയായിരുന്ന കാനൻ നിയമപണ്ഡിതനും കടുംപിടുത്തക്കാരനും സിംഹതുല്യനെന്നു വിശേഷിപ്പിക്കപ്പെട്ടിരുന്നയാളും റോമൻ സഭയിൽ ഏറെ സംഭവങ്ങളുടെ പൊടിപടലങ്ങൾ ഉയർത്തിയ വിവാദ ചരിത്രപുരുഷനുമായ അർബൻ ആറാമൻ മാർപാപ്പയുടെ സ്വതന്ത്രപരിഷ്ക്കരണങ്ങൾ റൂപ്രെഹ്ട് സർവകലാശാലയുടെ ഘടനയിൽ ഏറെ പരിവർത്തനങ്ങൾ വരുത്തി. വിദേശികൾക്ക് സർവകലാശാലയിൽ സ്ഥാനവും അവസരവും ലഭിച്ചു. ആധ്യാത്മികതയ്ക്കു മുൻതൂക്കം ല്കി. മതമേലധികാരികൾക്കും രാജ്യസേവകർക്കും സ്വന്തം നാട്ടിൽത്തന്നെ പരിശീലനം നല്കണമെന്നുള്ള ശക്തമായ ഉപദേശം നല്കി. അങ്ങനെ റൂപ്രെഹ്ട് ഒന്നാമൻ രാജാവിന്റെയും അർബൻ ആറാമൻ മാർപാപ്പയുടെയും തീരുമാനപ്രകാരം ഹോളണ്ടുകാരൻ പ്രൊഫ. മാർസിലിയൂസ് ഫൊൻ ഇങ്ഹെനിനെ സർവകലാശാലയുടെ റെക്ടറായി നിയമിച്ചു. എങ്കിലും സ്വയംഭരണാവകാശം നല്കിയിരുന്നില്ല. ഈ അവകാശം രാജാവിൽ നിക്ഷിപ്തമായിരുന്നു.

1558 കാലഘട്ടത്തിൽ പ്രൊട്ടെസ്റ്റന്റ് വിഭാഗം സർവകലാശാലയുടെ നിയന്ത്രണം പിടിച്ചെടുത്തു. അന്നുമുതൽ ലൂതറൻ റിഫോർമേഷൻ പ്രകാരമുള്ള ലിഖിത നിയമങ്ങളും ചട്ടങ്ങളും 1786 വരെ സർവകലാശാല പാലിക്കേണ്ടിയിരുന്നു. 1518ൽ മാർട്ടിൻ ലൂതർ ഹൈഡൽബർഗ് സന്ദർശിച്ചിരുന്നെങ്കിലും മാറ്റങ്ങളുടെ വലിയ സ്വാധീനം അന്നുണ്ടാക്കിയിരുന്നില്ല. 1558ൽ അന്നു കുർഫാൾസ് ഭരിച്ചിരുന്ന കുർഫ്യൂർസ്റ്റ് ഓട്ട്, ഹൈൻറിഷ് സർവകലാശാലയെ ഒരു പ്രൊട്ടെസ്റ്റന്റ് സർവകലാശാലയായി പ്രഖ്യാപിച്ചു.

പതിനാറാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ കുർഫാൾസ് രാജാവ് ഫ്രീഡിഷ് മൂന്നാമൻ ഹൈഡൽബർഗ് സർവകലാശാലയെ യൂറോപ്യൻ സാംസ്കാരിക പഠന ഗവേഷണ കേന്ദ്രമായി ഉയർത്തി. കാൾവനിസ്റ്റിക് വിദ്യാകേന്ദ്രം പോലെ ഹൈഡൽബർഗിനെ ബഹുമുഖപ്രതിഭകളായ പ്രൊഫസർമാരുടെയും വിദ്യാർത്ഥികളുടെയും ഒരു അന്താരാഷ്ട്ര കേന്ദ്രമാക്കുകയായിരുന്നു ലക്ഷ്യം. റിയലിസവും, നോമിനലിസവും തിയോളജിയും പ്രസിദ്ധമായ ഹൈഡൽബർഗൻ കാറ്റക്കിഡ്‌വും മാനവവാദശാസ്ത്രവുമൊക്കെ ഹൈഡൽബർഗ് സർവകലാശാലയുടെ പ്രശസ്തിയെ ഉന്നതങ്ങളിലേക്കുയർത്തി.

1618–1648 വരെയുണ്ടായ ചരിത്രപ്രസിദ്ധമായ മുപ്പതുവർഷത്തെ യുദ്ധം സർവകലാശാലയുടെ ശനിദശയായിരുന്നു. ആശയപരമായി റോമൻ കത്തോലിക്കരും പ്രൊട്ടെസ്റ്റന്റുകളുമായുള്ള ദീർഘകാലയുദ്ധം പാശ്ചാത്യരാജ്യങ്ങൾക്ക് തിരുത്താൻ പറ്റുകയില്ലാത്ത ചരിത്രപരമായ തെറ്റാണ്. യുദ്ധകാരണം ആര് ആരോട് ചോദിച്ചാലും ഉത്തരം കിട്ടാത്ത ചോദ്യമായി ഇന്നും അവശേഷിക്കുന്നു. സർവകലാശാലക്ക് കനത്ത നഷ്ടം ഏറ്റുവാങ്ങേണ്ടി വന്നു.

17 >>



**സമകാലികം**

*ജോസാന്റണി*

# ഇ – ലേണിംഗും മൂന്നാം തരംഗവും

ആഗോള സാമ്പത്തിക പ്രതിസന്ധിയെന്നു നാം കേൾക്കുന്നുണ്ട്. ഇതെങ്ങനെയുണ്ടായെന്നോ എങ്ങനെ പരിഹരിക്കാമെന്നോ ഉള്ളത് നമ്മുടെയൊന്നും വിഷയമല്ല എന്നാണ് നാമെല്ലാം കരുതുന്നത്. എന്നാൽ ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ സാമൂഹികവും സാമ്പത്തികവുമായ വ്യവസ്ഥിതികളെ എങ്ങനെ മാറ്റിമറിക്കുന്നു എന്നു മനസ്സിലാക്കി കാര്യങ്ങൾ നമുക്ക് അനുകൂലമാക്കാൻ നാമോരോരുത്തരും പഠിക്കേണ്ടതുണ്ട്. സ്വയം നേട്ടമുണ്ടാക്കിക്കൊണ്ടുതന്നെ വികസിത രാജ്യങ്ങളിലെ വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ അവികസിത രാജ്യങ്ങളിലെ അഭ്യസ്തവിദ്യർക്ക് പലതും ചെയ്യാനാകും.

വ്യവസായവിപ്ലവത്തിന്റെ വെറുമൊരു തുടർച്ചയല്ല 'വിവരസാങ്കേതികവിപ്ലവം' എന്നാണ് നാം ആദ്യം തന്നെ മനസ്സിലാക്കേണ്ടത്. പേശികളുടെ അധ്വാനത്തിനു ലാഘവം വരുത്തുമാറുണ്ടായതായിരുന്നു വ്യാവസായിക വിപ്ലവമെങ്കിൽ മസ്തിഷ്കത്തിന്റെ അധ്വാനത്തെ ലഘൂകരിക്കുമാറുള്ളതാണ് വിവരസാങ്കേതിക വിദ്യാവിപ്ലവം. ഇതിന്റെ ഉരുത്തിരിയലിനെ ക്രാന്തദൃഷ്ടിയോടെ നോക്കിക്കാണാൻ ശ്രമിച്ച ആൽവിൻ ടോഫ്ളർ അതിനെ വിളിക്കുന്നത് 'മൂന്നാം തരംഗം' (The Third Wave) എന്നാണ്.

മനുഷ്യചരിത്രം പരിശോധിച്ചാൽ കാർഷിക വിപ്ലവവും വ്യാവസായിക വിപ്ലവവും പോലെ മനുഷ്യജീവിതത്തെ ആകമാനം മാറ്റിമറിച്ചുകൊണ്ടിരിക്കുന്ന 'മൂന്നാം തരംഗ'മാണ് വിവരവിനിമയ സാങ്കേതികവിദ്യയുടെ വികാസ ഫലമായി ഇന്നുണ്ടായിട്ടുള്ളതെന്ന് അദ്ദേഹം തന്റെ 'മൂന്നാം തരംഗം'എന്ന കൃതിയിൽ സമർഥിക്കുന്നുണ്ട്.

ഈ തരംഗത്തിൽ മുൻതരംഗങ്ങളുടെ ശക്തിചൈതന്യങ്ങളും ഉൾച്ചേർന്നിട്ടുള്ളതിനാൽ ഉളവാകുന്ന സംഘർഷങ്ങളെയും സാധ്യതകളെയും കുറിച്ച് വളരെ സൂക്ഷ്മമായി ആ കൃതിയിൽ പ്രതിപാദിക്കുന്നുണ്ട്. ഒന്നാം തരംഗകാലത്ത് (കാർഷിക വിപ്ലവത്തോടനുബന്ധിച്ച്) വികസിച്ചുവന്ന വ്യവസ്ഥിതിക്ക് വികേന്ദ്രീകരണത്തിന്റെ സ്വഭാവമായിരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

വ്യവസായവിപ്ലവം എല്ലാറ്റിനെയും ഫാക്ടറികളുടെ വലിയ മേല്ക്കൂരകൾക്കു കീഴിലേക്കു കൊണ്ടുവന്നു. അതെത്തുടർന്ന് ഉണ്ടായ വ്യവസ്ഥിതിയും കേന്ദ്രീകരണത്തോട് ആഭിമുഖ്യമുള്ളതായിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ വ്യാപനം, വൻതോതിൽ കേന്ദ്രീകൃതമായി ഉത്പാദിപ്പിക്കപ്പെട്ട ഉത്പന്നങ്ങൾ, ചെറുകിട- കുടിൽ വ്യവസായങ്ങളിലൂടെ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളെക്കാൾ കുറഞ്ഞ വിലയ്ക്ക് ലോകമാകെ വിറ്റഴിച്ചുകൊണ്ടായിരുന്നല്ലൊ.



*ആൽവിൻ ടോഫ്ളർ*

മൂന്നാം തരംഗത്തിൽ ഇലക്ട്രോണിക് ഉപകരണങ്ങളും കമ്പ്യൂട്ടർ സോഫ്റ്റ് വെയറുകളുമൊക്കെ സ്വന്തം വീട്ടിൽ ഇരുന്ന് നിർമിക്കാനാവും എന്നതിനാൽ അതിനൊരു വികേന്ദ്രീകരണ സ്വഭാവമുണ്ടെന്നു പറയാം. എന്നാൽ വ്യവസായവിപ്ലവ കാലഘട്ടത്തിലുണ്ടായിരുന്നതിലും ശക്തമായ ഒരു തരം കേന്ദ്രീകരണ സ്വഭാവം അതിനു പിന്നിലുണ്ട്.

ഇലക്ട്രോണിക് ഉത്പന്നങ്ങളിലെല്ലാം ഏറ്റം പ്രധാനമായിരിക്കുന്ന സിലിക്കൺ ചിപ്പുകളുടെയും കമ്പ്യൂട്ടർ ഓപ്പറേറ്റിങ് സിസ്റ്റങ്ങളുടെയും ഓരോ തരത്തിലുള്ള പ്രവർത്തനവും സുഗമമാക്കുവാൻ ഉണ്ടാക്കിയിട്ടുള്ള സോഫ്റ്റ്വെയർ പാക്കേജുകളുടെയും ഒക്കെ നിർമാണം കേന്ദ്രീകൃതമായും വലിയതോതിലുള്ള ഏകോപനത്തിലൂടെയും ആണു നടത്തപ്പെടുന്നത്. അതിനായി പണം മുടക്കുന്ന ബിൽഗേറ്റ്സിനെപ്പോലുള്ളവർ വൻ രാഷ്ട്രങ്ങളുടെ ഭരണകൂടങ്ങളെപ്പോലും വെല്ലുവിളിക്കാനും സ്വാധീനിക്കാനും ശക്തിനേടുന്നുമുണ്ട്.

ശുദ്ധജലവും ശുദ്ധവായുവും ഔഷധങ്ങളുമെല്ലാം ഓരോരോ കമ്പനികൾ സ്വന്തം വിതരണാവകാശ കുത്തക നേടി സാമാന്യജനങ്ങൾക്ക് അന്യമാക്കാനുള്ള ശ്രമങ്ങളും നടന്നുവരുന്നു. പരിസ്ഥിതി ദുരന്തങ്ങളിലേക്കും സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങളിലേക്കും മനുഷ്യരാശിയെ നയിക്കുന്നതാണ് ഈ വക പ്രവർത്തനങ്ങൾ.

'കേന്ദ്രീകൃത വികേന്ദ്രീകരണ'ത്തിന്റെ ഭരണതലത്തിലുള്ള ആവിഷ്കാരമായിരുന്നു, ഇന്ത്യയിൽ രാജീവ് ഗാന്ധി കൊണ്ടുവന്ന പഞ്ചായത്ത് രാജ് ബിൽ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കൂടുതൽ അധികാരം എന്ന വ്യാജേന കേന്ദ്രഭരണകൂടത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കാനുള്ള ശ്രമമായിരുന്നു അതിൽ. മഹാത്മാഗാന്ധിയുടെ പഞ്ചായത്ത് രാജ് സങ്കല്പത്തെ തലതിരിച്ച് നിർത്തിയതായിരുന്നു അത്. ഗ്രാമപഞ്ചായത്തുകൾ ജനകീയമായി തീരുമാനങ്ങൾ എടുക്കുകയും വിഭവങ്ങൾ സമാഹരിച്ച് പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യേണ്ടതിനു പകരം അന്താരാഷ്ട്ര താത്പര്യങ്ങൾക്കനുസൃതമായി കേന്ദ്രഭരണകൂടങ്ങൾ നിശ്ചയിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ സഹായിച്ചാൽ മതി എന്നാണ് ആ നിയമത്തിലെ ധ്വനി എന്ന് ചില ഗാന്ധിയന്മാർ അന്നേ ചൂണ്ടിക്കാണിച്ചിരുന്നു. എന്നാൽ ഓരോ വ്യവസ്ഥയിലും അന്തർലീനമായി ചില സ്വഭാവങ്ങളുണ്ടെന്നും മൂന്നാം തരംഗത്തിൽ അന്തർലീനമായ ഒരു സ്വഭാവമാണ് രാജീവ് ഗാന്ധിയുടെ ബില്ലിലൂടെ പ്രകടമായി വന്നതെന്നും മനസ്സിലാക്കിയവർ ആരുംതന്നെ ഉണ്ടായിരുന്നില്ല.

ഇപ്പോൾ രാഷ്ട്രങ്ങൾക്കതീതമായ ചില സംവിധാനങ്ങളുണ്ടാക്കി രാഷ്ട്രങ്ങളുടെ താത്പര്യങ്ങളെപ്പറ്റിപ്പോലും ചിന്തിക്കാതെയാണ് വ്യവസായമേഖലയിൽ പ്രവർത്തിക്കുന്ന ശക്തികൾ ബഹുരാഷ്ട്രകുത്തകകളായി വളർന്നുകൊണ്ടിരിക്കുന്നത്. ഒരർഥത്തിൽ ഇതിന്റെ ഫലമായാണ് വികസിത രാജ്യങ്ങൾ സാമ്പത്തിക പ്രതിസന്ധിയിൽ പെട്ടിരിക്കുന്നത്. അവികസിത രാജ്യങ്ങളിലെ അഭ്യസ്തവിദ്യരെ ആ രാജ്യങ്ങളിൽത്തന്നെ താമസിക്കാൻ അനുവദിച്ചുകൊണ്ട് കുറഞ്ഞ കൂലിക്ക് പണിയെടുപ്പിക്കാൻ ഇന്റർനെറ്റ് സംവിധാനം വളരെയേറെ പ്രയോജനപ്രദമാണ്.

ബഹുരാഷ്ട്രകുത്തകകൾ ഇങ്ങനെയൊരു നയം സ്വീകരിച്ചതിന്റെ ഫലമായി ആ രാജ്യങ്ങളിലെ പൗരന്മാർക്ക് തൊഴിലവസരങ്ങൾ കുറഞ്ഞു. അവർ ഓഹരിവിപണിയിൽ 'കാളയും കരടിയും' കളിച്ച് പണമുണ്ടാക്കാനാണ് ശ്രമിച്ചത്. ആ ശ്രമങ്ങൾക്കിടയിൽ ആ രാജ്യങ്ങളിലെ വിഭവാധിഷ്ഠിതമായ യഥാർഥ സമ്പദ്ഘടന തകർന്നു.

12 >>

**പേശികളുടെ അധ്വാനത്തിനു ലാഘവം വരുത്തിക്കുമാറുള്ളതായിരുന്നു വ്യാവസായിക വിപ്ലവമെങ്കിൽ മസ്തിഷ്കത്തിന്റെ അധ്വാനത്തെ ലഘൂകരിക്കുമാറുള്ളതാണ് വിവരസാങ്കേതിക വിദ്യാവിപ്ലവം. ഇതിന്റെ ഉരുത്തിരിയലിനെ ക്രാന്തദൃഷ്ടിയോടെ നോക്കിക്കാണാൻ ശ്രമിച്ച ആൽവിൻ ടോഫ്ളർ അതിനെ വിളിക്കുന്നത് 'മൂന്നാം തരംഗം' (The Third Wave) എന്നാണ്.**

## അറിയേണ്ടും കാര്യങ്ങൾ

### അഫ്ഗാനിസ്ഥാനിലെ സൈനിക സാന്നിധ്യം അമേരിക്ക രണ്ടിരട്ടിയാക്കുന്നു



അഫ്ഗാനിസ്ഥാനിൽ പ്രസിഡണ്ട് തെരഞ്ഞെടുപ്പ് കാര്യമായ ത്രആക്രമണങ്ങളില്ലാതെ കടന്നുപോയെങ്കിലും ആഭ്യന്തര സുരക്ഷ വൻ ഭീഷണിയാണ് നേരിടുന്നതെന്ന് അമേരിക്ക വ്യക്തമാക്കുന്നു. അതിനാൽ ഈ വർഷം തങ്ങളുടെ സൈനികരുടെ എണ്ണം ഇരട്ടിയാക്കുവാനാണ് പെന്റഗൺ തീരുമാനിച്ചിരിക്കുന്നത്. താലിബാന്റെ പതനം പൂർണമായി ഉറപ്പാക്കുകയും ഇനി പുന:സംഘടിക്കുവാൻ കഴിയാത്ത വിധം തച്ചുതകർക്കുകയുമാണ് അമേരിക്കയുടെ ലക്ഷ്യം. ജയമുറപ്പിച്ച പ്രസിഡണ്ട് സ്ഥാനാർത്ഥി ഹമീദ് കർസായിക്കും ഇതേ നിലപാടാണ് ഉള്ളത്.

നിലവിൽ 62,000 യു.എസ്. സൈനികരാണ് അഫ്ഗാനിസ്ഥാനിലുള്ളത്. അത് അടിയന്തിരമായി 68,000 ആയെങ്കിലും ഉയർത്തണമെന്ന് യു.എസ്. ആംഡ് സർവീസ് കമ്മിറ്റിയോട് അഭ്യർത്ഥിച്ചതായും അഡ്മിറൽ മൈക്ക് മുള്ളൻ വ്യക്തമാക്കി. അഫ്ഗാൻ ജനതയുടെ സംരക്ഷണവും സ്വൈരജീവിതവും സുസ്ഥിരഭരണവും ഉറപ്പാക്കുന്നതിനായി കൂടുതൽ സമയവും സൈനികരും ആവശ്യമാണെന്നും അദ്ദേഹം പറയുന്നു.

അടുത്തിടെ നടന്ന ഒരഭിപ്രായ സർവേയിൽ അഫ്ഗാനിസ്ഥാനിൽ അമേരിക്കൻ സൈന്യം തുടരുന്നതിനെ എതിർക്കുന്നവരുടെ എണ്ണത്തിൽ നേരിയ വർധനവ് ഉണ്ടായിരുന്നു. ഈ വർഷമാദ്യം 32,000 അമേരിക്കൻ സൈനികർ മാത്രമാണ് അഫ്ഗാനിസ്ഥാനിലുണ്ടായിരുന്നത്.

### ജപ്പാൻ എയർലൈൻസ് ഒരുങ്ങുന്നു; 68,000 പേരെ പിരിച്ചുവിടാൻ

സാമ്പത്തിക നഷ്ടം ലഘൂകരിക്കുന്നതിന്റെ ഭാഗമായി ലോകത്തെ പ്രമുഖ വിമാനസർവീസുകളിലൊന്നായ ജപ്പാൻ എയർലൈൻസ് 68,000 ജീവനക്കാരെ പിരിച്ചുവിടാനൊരുങ്ങുന്നു. കൂടാതെ അന്താരാഷ്ട്ര തലത്തിൽ സർവീസുകളുടെ കാര്യത്തിൽ മറ്റ് എയർലൈൻസുകളുമായി ടൈ-അപ്പിനായുള്ള ശ്രമവുമുണ്ടെന്ന് ജപ്പാൻ എയർലൈൻസ് പ്രസിഡണ്ട് ഹറൂക്കാ നിഷിമാറ്റ്സൂ പറഞ്ഞു.



അമേരിക്കയിലെയും യൂറോപ്പിലെയും പല പ്രമുഖ എയർലൈൻസുകളും വൻ പ്രതിസന്ധിയാണ് നേരിടുന്നതെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ജപ്പാൻ എയർലൈൻസ് ഇന്ധനക്ഷമത വർധിപ്പിച്ചും കൂടുതൽ യാത്രക്കാരെ ആകർഷിക്കുക ലക്ഷ്യമാക്കി പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ചും വരുമാനം വർധിപ്പിക്കുവാൻ പദ്ധതികൾ ആവിഷ്ക്കരിച്ചതായും അധികൃതർ പറയുന്നു.

ഓഹരിവിപണയിൽ ജപ്പാൻ എയർലൈൻസിന് കഴിഞ്ഞ ഏതാനും ആഴ്ചകളായി വൻ തിരിച്ചടിയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇന്റർനാഷണൽ എയർ ട്രാൻസ്പോർട്ട് അസോസിയേഷൻ 11 ബില്യൺ ഡോളറിന്റെ (50,000 കോടി രൂപ) നഷ്ടമാണ് എയർലൈൻസുകൾക്ക് ഈ വർഷം ഉണ്ടാവുക എന്ന് കണക്കാക്കിയിരുന്നു. ആദ്യ ആറുമാസത്തെ നഷ്ടം ആറു ബില്യൺ ഡോളർ പിന്നിട്ടു.

CYAN MAGENTA YELLOW BLACK




## സിപ്പിയങ്കിളും കുട്ട്യോളും

# സായിപ്പണ്ണനും പഴത്തൊലിയും!

പ്രിയ കൂട്ടുകാരേ,

മഹാകവി വൈലോപ്പിള്ളിയുടെ 'കാക്ക' എന്ന കവിത വളരെ പ്രസിദ്ധമാണ്. ചേറിലും ചെളിയിലുമെല്ലാം കൊത്തിച്ചിക്കി നടക്കുന്ന പക്ഷിയാണെങ്കിലും 'കാക്ക', വിശുദ്ധിയുടെ പ്രതീകമാണെന്ന് കവി ഈ കവിതയിലൂടെ വിളംബരം ചെയ്യുന്നു.

"കൂരിരുട്ടിന്റെ കിടാത്തി, യെന്നാൽ
സൂര്യപ്രകാശത്തിനുറ്റതോഴി.
ചീത്തകൾ കൊത്തിവലിക്കുകിലും
ഏറ്റവും വൃത്തി വെടിപ്പെഴുന്നോൾ!"

എന്നാൽ കാക്ക കാണിക്കുന്ന ഈ മാതൃകപോലും പിൻതുടരാത്തവരാണ് കേരളീയരെന്ന് പൊതുവേ പലരും പരാതിപ്പെടാറുണ്ട്. മോടിയിൽ അണിഞ്ഞൊരുങ്ങി 'ടിപ്പ്ടോപ്പായി' നടക്കുമെങ്കിലും സ്വന്തം വീടും പരിസരവും നാടും നഗരവുമൊക്കെ വൃത്തിയായി സൂക്ഷിക്കുന്നതിൽ നാം കൂടുതൽ ശ്രദ്ധിക്കാറില്ല.

ചീഞ്ഞുനാറുന്ന തോടുകളും മാലിന്യം കെട്ടിക്കിടക്കുന്ന ഓടകളും ചവറ്റുകൂനകൾ തിങ്ങിനിറഞ്ഞ തെരുവുകളും വൃത്തിഹീനമായ വീട്ടുവളപ്പുകളും നമ്മുടെ നാട്ടിൽ സുലഭമാണ്. റോഡിനു നടുവിൽ കാർക്കിച്ചു തുപ്പാനും പഴത്തൊലി പെരുവഴിയിലെറിയാനും നമ്മൾ നല്ല മിടുക്കരാണ്. ഇതൊക്കെ ശ്രദ്ധിക്കുന്ന കാര്യത്തിൽ നമ്മുടെ ഭരണാധികാരികൾക്കും വലിയ താത്പര്യമില്ല. അതുകൊണ്ടു തന്നെയാണ് പകർച്ചവ്യാധികൾ നമ്മുടെ നാട്ടിൽ റോന്തുചുറ്റിക്കൊണ്ടിരിക്കുന്നത്!

വിനോദസഞ്ചാരത്തിനുവന്ന ഒരു സായിപ്പ് ഒരിക്കൽ തിരുവനന്തപുരം നഗരത്തിലെ ഒരു പെട്ടിക്കടയിൽ നിന്ന് രണ്ട് ചെങ്കദളിപ്പഴം വാങ്ങിത്തിന്നു. പഴത്തൊലി എവിടെ കളയും? അടുത്തെങ്ങാൻ വല്ല കുപ്പത്തൊട്ടിയും ഉണ്ടോയെന്ന് അയാൾ ശ്രദ്ധിച്ചു. ഒന്നും കണ്ടില്ല.

സായിപ്പ് തെരുവീഥിയിലൂടെ പഴത്തൊലിയും ഉയർത്തിപ്പിടിച്ച് വളരെ ദൂരം നടന്നു. "ഇയാൾക്കെന്താ വട്ടുപിടിച്ചോ?"-പലരും സംശയിച്ചു. ചിലർ ഈ രംഗം കണ്ട് പരിഹസിച്ചു ചിരിച്ചു. മറ്റു ചിലർ ഇതിന്റെ പൊരുളറിയാൻ അയാളെ പിന്തുടർന്നു.

സായിപ്പ് ഉദ്ദേശം നൂറ്റമ്പതു മീറ്റർ ദൂരം പിന്നിട്ടു. അപ്പോഴതാ, വഴിവക്കിൽ ഒരു കുപ്പത്തൊട്ടി! അയാൾ വേഗം തന്റെ കയ്യിലിരുന്ന പഴത്തൊലി അതിലേക്കിട്ടു. അപ്പോഴാണ് അയാളെ പരിഹസിച്ച വിഡ്ഢികൾക്ക് കാര്യം പിടികിട്ടിയത്. പഴത്തൊലി കളയാൻ പറ്റിയ ഒരിടം അന്വേഷിക്കുകയായിരുന്നു അയാൾ.

മഹത്തായ ഒരു മാതൃകയാണ് ആ സായിപ്പു കാണിച്ചത്; അല്ലേ? നമ്മളായിരുന്നെങ്കിൽ പഴത്തൊലി അപ്പോൾ തന്നെ റോട്ടിലേക്കോ തട്ടുകടയുടെ അരികിലേക്കോ വലിച്ചെറിയും. ആരെങ്കിലും അതിൽ ചവിട്ടി വീണാലെന്ത്? വീണില്ലെങ്കിലെന്ത്?"

വീടും പരിസരവും നാടും നഗരവുമൊക്കെ ശുചിയാകണമെങ്കിൽ ആദ്യം നമ്മുടെ ഓരോരുത്തരുടെയും മനസ്സ് ശുചിയാകണം. എന്താ, ശരിയല്ലേ? അങ്ങനെ മന:ശുദ്ധിയുള്ളവരായി വളരാൻ നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

സസ്നേഹം

*സിപ്പിയങ്കിൾ*

## അക്ഷരഗാനം




**ഓ**ലത്തുമ്പിൽ ചാഞ്ചാടി
**ഓ**ണക്കാറ്റും വരവായി!
**ഓ**ലക്കുടയും ചൂടിയിതാ
**ഓ**ണത്തപ്പൻ വന്നല്ലോ!

*മാത്യു കാരാംവേലി*

# ഹെയ്ദി

## വായനയുടെ സ്വർഗം

വായിക്കാൻ പഠിച്ച ഹെയ്ദിക്ക് പുസ്തകങ്ങളിലെ പൂക്കളും പറവകളും മൃഗങ്ങളും മനുഷ്യരുമെല്ലാം തന്റെ ചങ്ങാതിമാരാണെന്ന് തോന്നി. അതോടെ അവൾ കൂടുതൽ ഉത്സാഹവതിയായി.

ആ വീട്ടിൽ നല്ലൊരു ലൈബ്രറി ഉണ്ടായിരുന്നു. എണ്ണമറ്റ പുസ്തകങ്ങൾ അലമാരകളിൽ ചിട്ടയായി അടുക്കിവച്ചിരുന്നു. വലിയ തടിയൻ പുസ്തകങ്ങളൊന്നും ഹെയ്ദിക്ക് വായിച്ചാൽ മനസ്സിലാകുന്നവയല്ല. എന്നാൽ അവൾക്ക് വായിച്ചുരസിക്കാവുന്ന പുസ്തകങ്ങളും ധാരാളമുണ്ടായിരുന്നു. അവയെല്ലാം അവൾ ക്ലാരയെ വായിച്ചുകേൾപ്പിച്ചു.

അമ്മൂമ്മ ഇടയ്ക്കിടെ അവളുടെ വായനയുടെ പുരോഗതി അന്വേഷിച്ചുകൊണ്ടിരുന്നു. ചില ദിവസങ്ങളിൽ ക്ലാരയായിരിക്കും വായിച്ചുകേൾപ്പിക്കുന്നത്. മറ്റു ചിലപ്പോൾ അമ്മൂമ്മ വായിക്കും. അങ്ങനെ ആ മൂന്നു മനസ്സുകളും അക്ഷരലോകത്തിലെ അത്ഭുതങ്ങൾ കണ്ടുരസിച്ചു.

തന്റെ പ്രിയപ്പെട്ട കൂട്ടുകാരി നന്നായി വായിക്കാൻ പഠിച്ചതിൽ ക്ലാര ഏറെ സന്തോഷിച്ചു. ഹെയ്ദി പല പുസ്തകങ്ങളും ഇതിനകം വായിച്ചുതീർത്തിരുന്നു. പക്ഷേ അവൾക്ക്



**ബാലനോവൽ -11**

**ജോഹന്നാസ് സ്പൈറി**

**പുനരാഖ്യാനം: കിളിരൂർ രാധാകൃഷ്ണൻ**

എല്ലാറ്റിലും വച്ച് ഏറെ ഇഷ്ടമായത് അമ്മൂമ്മ ആദ്യമായി നല്കിയ പുൽമേടിന്റെ ചിത്രമുള്ള പുസ്തകം തന്നെയാണ്. അതിലെ ആട്ടിടയനും പുൽമേടും അവളെ മലമുകളിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നു. പീറ്ററും അപ്പൂപ്പനും സ്നേഹമയിയായ മുത്തശ്ശിയുമെല്ലാം ആ പുസ്തകത്താളുകളിൽ എപ്പോഴും പ്രത്യക്ഷപ്പെടുമായിരുന്നു.

ക്ലാരയും ഹെയ്ദിയും പഠിക്കാൻ ബഹുമിടുക്കികളാണെന്ന് ഉഷർ പറഞ്ഞു. രണ്ടുപേരും തോരാതെ സംശയങ്ങൾ ചോദിച്ച് അയാളെ വലയ്ക്കുമായിരുന്നു. അവരെ പഠിപ്പിക്കാൻ കഴിഞ്ഞത് തന്റെ ഭാഗ്യമാണെന്ന് ഉഷർ കരുതി.

അമ്മൂമ്മ മടങ്ങിപ്പോകുകയാണെന്നറിഞ്ഞപ്പോൾ ഹെയ്ദിക്കും ക്ലാരയ്ക്കും വലിയ സങ്കടമായി. അമ്മൂമ്മ തങ്ങളുടെ ജീവിതത്തിലെ ഒഴിച്ചുമാറ്റാനാവാത്ത കണ്ണിയാണെന്നും അവരറിഞ്ഞു. പക്ഷേ സ്നേഹമയിയായ അമ്മൂമ്മ ഒരുനാൾ വളരെ സങ്കടത്തോടെയെങ്കിലും കുട്ടികളോട് യാത്ര പറഞ്ഞു. അമ്മൂമ്മ പോയതോടെ ഹെയ്ദിയുടെ പ്രസരിപ്പും ചിരിയും കളിയും നഷ്ടമായി.

രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ അവൾ അമ്മൂമ്മയെ ഓർത്ത് കരയും. മലമുകളിൽ ഒറ്റയ്ക്ക് കഴിയുന്ന അപ്പൂപ്പനെ ഓർക്കും. മുത്തശ്ശിയെ ഓർക്കും. വല്ലാത്തൊരു ഗൃഹാതുരത അവളെ വേട്ടയാടാൻ തുടങ്ങി.

തന്റെ അപ്പൂപ്പനോ മുത്തശ്ശിക്കോ വല്ല അസുഖവുമായിരിക്കുമോ എന്ന് അവൾ വെറുതെ പേടിച്ചു. അവളാകെ വിളറിവെളുത്തു. ദിവസം ചെല്ലുംതോറും അവളുടെ ആരോഗ്യം ക്ഷയിച്ചുവന്നു. ക്ലാരയ്ക്കും അവളെ സന്തോഷിപ്പിക്കാൻ കഴിഞ്ഞില്ല. ഭക്ഷണവും കാര്യമായി ഒന്നും അവൾ കഴിക്കാതായപ്പോൾ സെബാസ്റ്റ്യനും വിഷമമായി.

അതിനിടെ ചില അപ്രതീക്ഷിത സംഭവങ്ങളും അവിടെ അരങ്ങേറി. രാത്രി ഭദ്രമായി കൊളുത്തിട്ട് അടച്ച വാതിലുകൾ പുലർച്ചെ നോക്കുമ്പോൾ തുറന്നു കിടക്കുന്നത് കാണാം. എന്നാൽ വീട്ടിൽ നിന്ന് ഒരു വസ്തുപോലും നഷ്ടപ്പെട്ടിട്ടില്ലാത്തതുകൊണ്ട് കള്ളൻ കയറിയതല്ലെന്ന് സെബാസ്റ്റ്യന് ഉറപ്പായി. ഇതറിഞ്ഞപ്പോൾ വല്ല പ്രേതബാധയുമാണെന്ന് കരുതി വീട്ടിലെ വേലക്കാരും ആയയും ഭയന്നുവിറച്ചു. അവരെല്ലാവരും കൂടി സെസെമനെ ഉടനെ വീട്ടിലേക്ക് വിളിച്ചുവരുത്തി.

*(തുടരും)*